**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226** **12-07-2022 - ൽ മറുപടിയ്ക്ക്**

**നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നദീതീരങ്ങളിൽ നിയമവിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങളാലും പ്ലാസ്റ്റിക്, ചെളി, മണൽ എന്നിവ അടിയുന്നതിനാലും നദികളുടെ ഒഴുക്ക് തടസ്സപ്പെടുന്നത് പരിഹരിക്കാൻ നീർത്തടാധിഷ്ഠിത മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; | (എ) | നദീതടമാസ്റ്റർ പ്ലാൻ നിലവിൽ തയ്യാറാക്കിയിട്ടില്ല. നദീതടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിലൂടെ നദീ തടത്തിലെ ജലവിഭവത്തിന്റെ ലഭ്യതയും ആവശ്യകതയും മനസ്സിലാക്കി, കാര്യക്ഷമമായ ഉപയോഗവും വികസന പ്രവർത്തനങ്ങളുടെ സംയോജിത ആസൂത്രണവും സാധ്യമാകുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിലെ മാലിന്യ/ചെളി/എക്കൽ നിക്ഷേപവും, നിലവിലെ മറ്റ് തടസ്സങ്ങളും മനസിലാക്കി ഒഴുക്ക് സുഗമമാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്യാവുന്നതാണ്. |
| (ബി) | ജലാശയങ്ങളുടെയും നദികളുടെയും സംരക്ഷണത്തിനായി ജനകീയ പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ "ഹരിതകേരളം മിഷന്റെ" ഉപമിഷനായ മണ്ണ്-ജലസംരക്ഷണം (ജലസമൃദ്ധി)-യുടെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണ / പുന:രുജ്ജീവന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും റിഡ്ജ് -ടു-വാലി അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം തീരുമാനിക്കുകയും ചെയ്തുകൊണ്ടാണ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത്. ഇതിനു പുറമേ, തൊഴിലുറപ്പ പദ്ധതിയുടെ ഭാഗമായും നദികൾ, തോടുകൾ, കുളങ്ങൾ തുടങ്ങിയവ ശുചീകരിച്ച് അടിഞ്ഞുകൂടിയിട്ടുള്ള ചെളിയും എക്കലും നീക്കി സംഭരണശേഷി സംരക്ഷിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന പ്രവൃത്തി നിർവ്വഹിച്ചുപോരുന്നു. ജനപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണവും പൂർണ്ണമായും ഉറപ്പാക്കിയാണ് ഇത്തരം പ്രവർത്തനങ്ങൾ നിർവ്വഹിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഗ്രാമപഞ്ചായത്ത് തലത്തിൽ സംയോജിത നീർത്തട പ്ലാനുകൾ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ നദീപുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; റീബിൽഡ് കേരള പദ്ധതിക്ക് കീഴിൽ നടത്തുന്ന നദീസംരക്ഷണ പ്രവർത്തനങ്ങളെ കുറിച്ച് വ്യക്തമാക്കുമോ? | (സി) | "ഹരിതകേരളം മിഷന്റെ" പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 19/04/2017 ലെ സ. ഉ.(പി)നം. 10/2017/ആ.സാ.വ ഉത്തരവ് പ്രകാരം പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം സംയോജിത നീർത്തടാധിഷ്ഠിത ആസൂത്രണത്തിലധിഷ്ഠിതമായിട്ടാകണം ജലവിഭവമേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടത്. ഇതിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത്തലത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിനുള്ളിലും വരുന്ന നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി, മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-2018 മുതൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക (ഹരിതകേരളം ശീർഷകത്തിൽ) പൂർണ്ണമായും ഇത്തരത്തിൽ പട്ടികപ്പെടുത്തിയ നദികൾ/ തോടുകൾ/പുഴകൾ/കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും ശുചീകരിച്ച് മാലിന്യമുക്തമാക്കുന്നതിനും വിനിയോഗി ച്ചിട്ടുണ്ട്.<br><br>"റീബിൽഡ് കേരള" പദ്ധതിയിൽ ഉൾപ്പെടുത്തി ജലസംരക്ഷണ പ്രവർത്തനങ്ങൾ നദീതടാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി " റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (RBCMA)" രൂപീകരിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. നദീതടാടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിന്റെ ആദ്യപടി യായി ഒന്നാംവർഷത്തിൽ പമ്പാ നദീതടത്തിലെ 'Flood Forecasting and Integrated Reservoir Operation System (FF&IROS)' വികസിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ